പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1256.

12.03.2015 ൽ മറുപടിക്ക്

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

**ചോദ്യം**

**ശ്രീ.വി.ചെന്താമരാക്ഷൻ :**

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നതിന്റെയും ഇത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ;

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നതായി ചില കേസുകൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. ശക്തമായ പരിശോധന ഇന്ന് പൊതുവിപണിയിലും, പൊതു വിതരണ കേന്ദ്രങ്ങളിലും നടത്തുന്നുണ്ട്. ഇതുസംബംന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 487 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | റിപ്പോർട്ട് ചെയ്ത കേസുകൾ |
|---|---|
| തിരുവനന്തപുരം | 48 |
| കൊല്ലം | 121 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 32 |
| കോട്ടയം | 10 |
| ഇടുക്കി | 1 |
| എറണാകുളം | 38 |
| തൃശൂർ | 15 |
| പാലക്കാട് | 153 |
| മലപ്പുറം | 25 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 29 |
| ആകെ | **487** |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിലുള്ള കേസുകളിൽ എന്ത് ശിക്ഷയാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള കേസുകളിൽ അവശ്യ സാധന നിയമപ്രകാരം നടപടി സ്വീകരിക്കുന്നു. പിടിച്ചെടുക്കുന്ന ഭക്ഷ്യസാധനങ്ങൾ പൊതുവിതരണ ശൃംഘല വഴി വിറ്റഴിച്ച് വില്പനവില റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുന്നു. കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്യാറുണ്ട്. കൂടാതെ അറസ്റ്റ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികളും സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ